## പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

ഗ്രാമീണ റോഡ് പുനരുദ്ധാരണ പദ്ധതി

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 3518

10.04.2013 ൽ മറുപടിക്ക്

| ചോദ്യം. | | ഉത്തരം. | |
|---|---|---|---|
| ശ്രീ. കെ. അജിത് | | ശ്രീ.കെ.സി.ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി) | |
| (എ) | 2012-13 സാമ്പത്തിക വർഷത്തിൽ പ്രധാനമന്ത്രിയുടെ ഗ്രാമീണ റോഡ് പുനരുദ്ധാരണ പദ്ധതിയിലുൾപ്പെടുത്തി കോട്ടയം ജില്ലയിലെ ഏതെല്ലാം റോഡുകളുടെ പുനരുദ്ധാരണത്തിന് തുക അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) | 2012-13 വർഷം പി.എം.ജി.എസ്.വൈ പദ്ധതിയിൽ കോട്ടയം ജില്ലയിൽ പുതിയ പദ്ധതികൾ അനുവദിച്ചിട്ടില്ല. എന്നാൽ മുൻവർഷങ്ങളിൽ അനുവദിച്ചതും നടന്നുവരുന്നതുമായ റോഡു പ്രവൃത്തികളുടെ വിവരങ്ങൾ അനുബന്ധം I ആയി ചേർക്കുന്നു. |
| (ബി) | ഇതിൽ വൈക്കം നിയോജക മണ്ഡലത്തിൽ ഉൾപ്പെടുന്ന റോഡുകൾ ഏതൊക്കെയെന്നും ഒരോ റോഡിനും എത്ര തുക വീതം അനുവദിച്ചിട്ടുണ്ടെന്നും വെളിപ്പെടുത്തുമോ; | (ബി) | 2012-13 സാമ്പത്തികവർഷം വൈക്കം നിയോജകമണ്ഡലത്തിൽ പുതിയ റോഡുകൾ ഒന്നും അനുവദിച്ചിട്ടില്ല. |
| (സി) | ഈ പദ്ധതിയിൽ റോഡുകൾ തെരഞ്ഞെടുക്കുന്നതിന്റെ മാനദണ്ഡം എന്തെന്ന് വെളിപ്പെടുത്തുമോ; | (സി) | അനുബന്ധം II ആയി ചേർക്കുന്നു |
| (ഡി) | ഈ വർഷം എത്ര തുക കോട്ടയം ജില്ലയിൽ ചെലവഴിക്കുവാൻ ഉദ്ദേശിക്കുന്നു എന്നും വെളിപ്പെടുത്തുമോ? | (ഡി) | കോട്ടയം ജില്ലയിൽ ഈ സാമ്പത്തികവർഷം 15.26 കോടി രൂപ ചെലവഴിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. കൂടാതെ ഈ സാമ്പത്തിക വർഷം എട്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തി 29.14 കോടി രൂപയുടെ പദ്ധതി കേന്ദ്ര സർക്കാരിന്റെ അനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം. I

| പാക്കേജ് നംപർ | റോഡിന്റെ പേര് | ബ്ലോക്ക് | ചെലവായ തുക |
|---|---|---|---|
| KR 07 12(B) | കരിപ്പക്കല്ല്-അമ്പാട്ടുപടി റോഡ് | വാഴൂർ | 38,50,017 |
| KR 07 13(B) | കുറുപ്പന്തറ-ഓമല്ലൂർ റോഡ് | കടുത്തുരുത്തി | 16,65,826 |
| KR 07 08 | പൂവം-നക്രാപുതുവേൽ റോഡ് | മാടപ്പള്ളി | 82,16,650 |
| KR 07 15(B) | പൊതി-വെള്ളൂർ റോഡ് | കടുത്തുരുത്തി | 66,70,518 |
| KR 07 13(A2) | ആപ്പാഞ്ചിറ-പൂഴിക്കോൽ റോഡ് | കടുത്തുരുത്തി | 19,90,454 |
| KR 07 12(A) | തിരുവഞ്ചൂർ വന്നല്ലൂർകര റോഡ് | പള്ളം/മാടപ്പള്ളി | 46,47,820 |
| KR 07 15(A) | നിറവം-പാറാശ്ശേരി റോഡ് | കടുത്തുരുത്തി | 25,44,510 |
| ആകെ | | | 2,95,85,795 |

സെക്ഷൻ ഓഫീസർ

അനുബന്ധം II

1.ഗ്രാമപ്രദേശങ്ങളിൽ മെച്ചപ്പെട്ട റോഡിൽ നിന്നും 500 മീറ്ററിലധികം ചുറ്റളവിൽ ഒറ്റപ്പെട്ടുകിടക്കുന്ന 500ൽ അധികം ജനസംഖ്യയുള്ള ആവാസകേന്ദ്രങ്ങളെ ബന്ധിപ്പിക്കാനുള്ള പുതിയ റോഡുകൾക്കാണ് മുൻഗണന. കുന്നിൻ പ്രദേശങ്ങളിൽ ഈ ദൂരം 1.5 കി.മി. ആയി നിജപ്പെടുത്തിയിട്ടുണ്ട്.

2.പുതുതായിനിർമ്മിക്കാനുദ്ദേശിക്കുന്ന റോഡ് ഈ പദ്ധതിയുടെ അടിസ്ഥാനരേഖയായി തയ്യാറാക്കിയുട്ടുള്ള കോർനെറ്റ്‌വർക്കിൽ ഉൾപ്പെട്ടിട്ടുണ്ടായിരിക്കണം (നിലവിലുള്ള റോഡുകളുടെയും നിർദ്ദേശിക്കപ്പെട്ടിട്ടുള്ള റോഡുകളുടെയും മാപ്പിംഗ്)

3. കൂടുതൽ ആളുകൾക്ക് /ആവാസകേന്ദ്രങ്ങൾക്ക് പ്രയോജനം കിട്ടുന്ന റോഡുകൾക്ക് മുൻഗണന.

4.ഈ പദ്ധതിപ്രകാരം ഏറ്റെടുക്കുന്ന റോഡുകൾക്ക് കേന്ദ്രസർക്കാർ നിഷ്ക്കർഷിക്കുന്ന വീതി ഉണ്ടായിരിക്കണം. ആയതിന് ബന്ധപ്പെട്ട ബ്ലോക്ക് പഞ്ചായത്ത ിന്റെ സക്ഷ്യപത്രം പദ്ധതിയോടൊപ്പം സമർപ്പിക്കേണ്ടതാണ്.

5.ഈ പദ്ധതിപ്രകാരം നിലവിലുള്ള റോഡുകളുടെ പുനരുദ്ധാരണത്തിനായി ഏറ്റെടുക്കുന്ന റോഡുകൾ പഞ്ചായത്തിന്റെ അധീനതയിലുള്ളതായിരിക്കണം. നിശ്ചിത റോഡിന്റെ പേവ്മെന്റ് സൂചിക രണ്ടോ അതിൽ താഴെയോ ആയിരിക്കണം.

സെക്ഷൻ ഓഫീസർ